# പ്രതികരണങ്ങൾ — 39



പ്രതികരണങ്ങൾ — 39
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ai Weiwei ice sculptures at Norrmalmstorg, a painting by Frankie Fouganthin. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## കെ. ജി. എസ്.: ദാമു

**നന്ദിനി മേനോൻ:** കാളിക്കളം, വീടൊഴിക്കുക... ചില പുതിയ വാക്കുകൾ... പ്രയോഗിച്ചിടത്ത് പൊലിമയോടെ...

## സച്ചിദാനന്ദൻ: ഒഴിഞ്ഞ മുറി

**നന്ദിനി മേനോൻ:** അമ്മ... യുദ്ധഭൂമികളിലെ അശാന്തിയുടെ നിലവിളി...

## സി. ജെ. തോമസ്: മേയ് ദിനം

**കരുണാകരൻ:** ഏത് സമയത്തും സിജെയെ വായിക്കാം, കുയിലും കാക്കയും കലരുന്ന ഈ പുലർച്ചെയ്ക്കും. ഈ ലേഖനം തന്നെ എന്ത് ഉഷാറാണ്! ഒരു വിശ്വാസത്തെ തിരഞ്ഞെടുക്കുക എന്നല്ല, ഒരു വിശ്വാസത്തിന്റെ കൂടെ ചേരുക എന്ന 'വേറെ വഴിയില്ലാ യുക്തി'യിലേയ്ക്ക് ആലോചനകളുടെ ഏത് പരപ്പിനെയും ചുരുക്കുന്ന ഈ ദിവസങ്ങളിൽ സിജെയുടെ ശവത്തിന്റെ വില ഒരുപക്ഷേ, മറ്റൊരു വില കൊടുക്കേണ്ടി വരും: മൌനത്തിന്റെ.

## ശ്രീജിത്ത് കൊന്നോളി: കള്ളനും പോലീസും

**അബ്ദുൾ:** ശ്രീജിത്തിന്റെ കള്ളനും പോലീസും ലക്ഷണമൊത്ത ഒരു കഥയാണ്. രേഖീയ ആഖ്യാനത്തിന്റെ ലളിത സങ്കേതത്തിൽ, സങ്കീർണമായ മനുഷ്യ മനസ്സിന്റെ സന്നിദ്ധതകൾ സാന്ദ്രമായി സന്നിവേശിപ്പിച്ചിട്ടുണ്ട് കഥാകരൻ. അഷ്കർ ഫാരാധിയുടെ സിനിമ പോലെ!

പതുങ്ങി ഇരിക്കുന്ന പൂച്ചയെ തൊഴിച്ച് മാറ്റാവതല്ല കള്ളനും, പോലീസിനും, വായനക്കാരനും!!

## കെ. ടി. ബാബുരാജ്: ലോകാവസാനം

**ഗണേഷ് പുതിയേടത്ത്:** കെ. ടി. ബാബുരാജിന്റെ ലോകാവസാനം വായിച്ചു. മനുഷ്യ കുലത്തിൽ ഇന്ന് ബാധിച്ച അസ്വസ്ഥതകൾ വായനക്കാരിലേക്ക് പകരാൻ കഥാകാരന് സാധിച്ചിട്ടുണ്ട്. എന്നാൽ സുനിൽ കുമാറിന്റെ വര കഥയ്ക്ക് യോജിക്കാത്തതു പോലെ തോന്നി. വീട്ടിൽ നിന്ന് ഇറങ്ങിയോടുമ്പോൾ മുണ്ട് എവിടെയോ ഉടക്കി എന്ന് പറയുന്നുണ്ടെങ്കിലും വരയിൽ പാന്റിട്ട കഥാപാത്രത്തെയാണ് കാണുന്നത്.

## സി. ജെ. തോമസ്: അത്രയ്ക്കൊന്നും മാറ്റം വരുന്നില്ല

**കരുണാകരൻ:** 'സായാഹ്ന'യിൽ വരുന്ന സി. ജെ. തോമസ്സിന്റെ കൃതികളിൽ നിന്നുള്ള ഭാഗങ്ങൾ വായിക്കുമ്പോൾ എഴുത്തുകാരുടെ, പ്രേത സന്ദർശനങ്ങളല്ലാത്ത സന്ദർശനങ്ങളെ പ്പറ്റിയാണ് ആലോചിക്കാറ്. സ്വന്തം ജീവിതത്തിൽ മരിച്ചതിനുശേഷവും നടക്കാൻ തിരഞ്ഞെടുക്കുന്ന ആൾ തന്നെ. ഒരു ദേശത്തിന്റെ സാംസ്കാരിക ജീവിതത്തെ തന്റെ ആയുസ്സിലേക്ക് ചേക്കാറാൻ, തെരുവിലെ മരം പോലെ, അനുവദിയ്ക്കുകയായിരുന്നു സി. ജെ. എന്ന് തോന്നും, ചിലപ്പോൾ. സി. ജെ. ചർച്ച ചെയ്യുന്ന വിഷയങ്ങൾ, ആ ചെറിയ ആയുസ്സിനും പുറത്തേയ്ക്ക് അത്രയ്ക്ക് കര കവിയുന്നു. ജനാധിപത്യജീവിതത്തെ നല്ലൊരു പരിധി അംഗീകരിക്കുമ്പോഴും, എഴുത്തുകാർ, ഉടനീളം 'പ്രജ'കളാവുന്ന സന്ദർഭമുണ്ട്: രാജാവിന്റെ, പുരോഹിതന്റെ, പിന്നെ പ്പിന്നെ ഭരണകൂടങ്ങളുടെ. ഒരു വിഷദംശനത്തെ പാരമ്പര്യമായി കിട്ടുകയായിരുന്നു. ഇതിനോടുള്ള സിജെയുടെ 'കുതറൽ' ഈ എഴുത്തുകളിലെല്ലാം കാണാം. അത് 'അനാർക്കിക്' ആണോ എന്നറിയില്ല, പക്ഷേ, അങ്ങനെ എരിയുന്ന ഒരാളായിരുന്നുവോ എന്ന് തോന്നിപ്പോവുന്നു. പ്രസിദ്ധങ്ങളായ എല്ലാ ആശയാശ്രിതത്വങ്ങളിൽ നിന്നും ചില വെളിപാട് പോലെ സി. ജെ. കുതറുന്നതു കാണുന്നത് സന്തോഷം തരുന്നു.

സി. ജെ.-യുടെ നാടകങ്ങൾ മാത്രം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ വിചാരലോകത്തെ ബോധപൂർവ്വം അവഗണിയ്ക്കുകയുമായിരുന്നുവോ, പിൽക്കാലം?

## സായാഹ്ന ഗ്രൂപ്പുമായി ബന്ധപ്പെട്ട മറ്റു ചർച്ചകൾ:

**സായാഹ്ന ഫൗണ്ടേഷൻ:** സുഹൃത്തുക്കളെ, സായാഹ്ന മറ്റൊരു ദിശ സ്വീകരിക്കുയാണ്. സായാഹ്നയുടെ സ്വന്തം സെർവർ ഉപയോഗിച്ചുകൊണ്ട് ഒരു ചർച്ചാവേദി (discussion group) ഉണ്ടാക്കുന്നു. ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് ഇപ്പോൾ വാട്സാപ്പ്/ടെലഗ്രാം തുടങ്ങിയവയെ ആശ്രയിച്ചുള്ള വിവിധ ഗ്രൂപ്പുകളിൽ നമുക്കുള്ള അംഗങ്ങളെയും അവരുടെ പ്രതികരണങ്ങളെയും ഒരൊറ്റ ഇടത്തെയ്ക്ക് ഏകോപിപ്പിക്കാനും അങ്ങനെ നമ്മുടെ ദിനേനയുള്ള വായനയെ പൊതുവായ ഒരിടത്തെയ്ക്ക് മാറ്റുക എന്നുമാണ്. ഇപ്പോൾ പലയിടങ്ങളിലായി ചിതറി കിടക്കുന്ന അംഗങ്ങളെയും അവരുടെ സർഗ്ഗാത്മക സംഭാവനകളെയും ഒരു സ്ഥലത്ത് കാണുമെന്നാണ്: ഒരു വിർച്ച്വൽ ഹാളിൽ എന്നും നമ്മൾ കാണുന്നു എന്ന് സങ്കൽപ്പിക്കുന്നതിലെ ഭംഗി തന്നെ! തീർച്ചയായും അംഗങ്ങളുടെ സ്വകാര്യതയെ ഒരു തരത്തിലും ഹനിക്കാതെയായിരിക്കും ഇതെല്ലാം ചെയ്യുക.

ഇപ്പോൾ നിലവിലുള്ള എല്ലാ ഗ്രൂപ്പുകളും മെയ് 31-നു പിരിച്ചുവിടും, ഒപ്പം പുതിയ വേദിയുടെ പ്രവർത്തനവും അറിയിപ്പുകളും ഈ വേദിയിലൂടെ മാത്രമാകും. ഈ വേദിയിലൂടെ ഉള്ള എല്ലാ പ്രകാശനങ്ങളും സൌജന്യമായി വായിക്കാൻ ഇതോടെ അംഗങ്ങൾക്ക് അവരുടെ സ്മാർട്ട് ഉപകരണങ്ങൾ/ഡെസ്ക്ക്/ലാപ്ടോപ് എന്നിവയിലൂടെ സാധിക്കുകയും ചെയ്യും. അതിനായി നിങ്ങൾ ചെയ്യേണ്ടത് താഴെ നൽകിയ ലിങ്കിൽ രജിസ്റ്റർ ചെയ്യുക എന്നാണ്. എന്തെങ്കിലും കൂടുതൽ അറിയാൻ ഞങ്ങളുമായി ബന്ധപ്പെടുമല്ലോ.

https://forum.sayahna.org/entry/register

**സായാഹ്ന പ്രവർത്തകർ:** പുരാതന ഇന്ത്യയിലെ വൈദിക സംസ്കൃതസൂക്തങ്ങളുടെ ഒരു ശേഖരമാണ് ഋഗ്വേദം. ഹിന്ദുമതത്തിന് അടിസ്ഥാനമായി കരുതപ്പെടുന്ന ചതുർവേദങ്ങളിൽ ആദ്യത്തേതായ ഋഗ്വേദത്തിൽ ഇന്ദ്രൻ, വരുണൻ, അഗ്നി, വായു, സൂര്യൻ തുടങ്ങിയ ദേവതകളുടെ സ്തുതികൾ തുടങ്ങി സോമരസം എന്ന പാനീയത്തിന്റെ നിർമ്മിതിയെക്കുറിച്ചുള്ള പരാമർശം വരെ ഉണ്ടെന്നാണ് പറയപ്പെടുന്നത്.

വള്ളത്തോളിന്റെ ഋഗ്വേദസംഹിത മലയാളത്തിൽ ഋഗ്വേദത്തിന് പദ്യരൂപത്തിലുള്ള പരിഭാഷയാണ്. നാലുഭാഗങ്ങളുള്ള ഈ പുസ്തകത്തിലെ മിക്കവാറും എല്ലാ സൂക്തങ്ങൾക്കും സി. ഗോവിന്ദക്കുറുപ്പ് എഴുതിയ വ്യാഖ്യാനവുമുണ്ട്. ഇതടക്കമുള്ള ആദ്യ ഭാഗത്തിന്റെ (അഷ്ടകങ്ങൾ: 2; അദ്ധ്യായങ്ങൾ: 13; മണ്ഡലങ്ങൾ: 1; അനുവാകങ്ങൾ: 24; സൂക്തങ്ങൾ: 191; പുറങ്ങൾ: 435; വലിപ്പം: 2 MB) പിഡിഎഫ് ആണ് സായാഹ്ന ഇന്നു വായനക്കാർക്ക് സമ്മാനിക്കുന്നത്. ഇത് അന്തിമരൂപമല്ല, മറിച്ച് അന്തിമരൂപത്തിൽ പ്രസാധനം ചെയ്യും മുമ്പ് വായനക്കാരുടെ നിർദ്ദേശങ്ങൾക്കായാണ് ഈ പതിപ്പ് ഇപ്പോൾ റിലീസ് ചെയ്യുന്നത്.

മൂലത്തിൽ നിന്നും വിന്യാസ സംബന്ധിയായ ചില വ്യതിയാനങ്ങൾ സുഗമമായ വായനയെ ഉദ്ദേശിച്ച് വരുത്തിയിട്ടുണ്ട്:

1. മൂലത്തിൽ നിന്നു വ്യത്യസ്ഥമായി ഓരോ സൂക്തവും പുതിയ താളിലാണ് തുടങ്ങുന്നത്.
2. മൂലത്തിൽ സൂക്തങ്ങളുടെ പാഠം തുടങ്ങുന്നത് “സൂക്തം <നമ്പ്ര>” എന്ന ശീർഷകത്തോടുകൂടിയാണ്. അതുപോലെ തന്നെ വ്യാഖ്യാനങ്ങൾ തുടങ്ങുന്നതും അതേ ശീർഷകം ആവർത്തിച്ചുകൊണ്ടാണ്. സായാഹ്ന പതിപ്പിൽ, രണ്ടാമത്തെ ശീർഷകത്തെ “കുറിപ്പുകൾ: സൂക്തം <നമ്പ്ര>” എന്നു മാറ്റിയിട്ടുണ്ട്, കൂടാതെ കുറിപ്പുകൾ വിന്യസിച്ചിരിക്കുന്നത് ഒരു പോയിന്റ് കുറഞ്ഞ ഫോണ്ട് (രചന) ഉപയോഗിച്ചാണ്.
3. അഷ്ടകം, അദ്ധ്യായം, മണ്ഡലം എന്നിവയിലൊന്നിന്റേയോ പലതിന്റേയോ നമ്പറുകൾ മാറുകയാണെങ്കിൽ ഒരു മുഴുവൻ പേജിൽ വ്യാപിച്ചുകിടക്കുന്ന രീതിയിൽ വിവിധ ഖണ്ഡങ്ങളുടെ തൽസ്ഥിതി കാണിച്ചിട്ടുണ്ട്.

ഈ മാറ്റങ്ങൾ വായനയെ കൂടുതൽ എളുപ്പമാക്കുമെന്നു കരുതുന്നു. വായനക്കാരുടെ നിർദ്ദേശങ്ങൾ എപ്പോഴും സ്വാഗതം.

**ഡൗൺലോഡ് കണ്ണി:**

1. ഋഗ്വേദസംഹിത ഭാഗം 1
2. ഋഗ്വേദസംഹിത ഭാഗം 2
3. ഋഗ്വേദസംഹിത ഭാഗം 3
4. ഋഗ്വേദസംഹിത ഭാഗം 4

**സായാഹ്ന പ്രവർത്തകർ:** സായാഹ്നയിൽ നിന്നുള്ള പ്രത്യേക അറിയിപ്പ്: ഇത് പരമാവധി പ്രചരിപ്പിക്കാൻ എല്ലാ വായനക്കാരോടും അഭ്യർത്ഥിക്കുന്നു. പ്രതികരണങ്ങൾ അറിയിച്ചാൽ സന്തോഷം.

1. ഡെസ്ക്ക് ടോപ്പിൽ വായിക്കാനും മെയിലിൽ പങ്കിടാനും A4 വലുപ്പത്തിലുള്ളത്
2. ഫോൺ പതിപ്പ്
3. ഫേസ് ബുക്കിൽ ഉപയാഗിക്കാൻ ചതുരവലുപ്പത്തിൽ (png)
4. പൊതുവായി ഉപയാഗിക്കാൻ ചതുരവലുപ്പത്തിൽ (pdf)

(ഏപ്രിൽ 18 മുതൽ മെയ് 29 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്.)

# ശബ്ദതാരാവലി ഗ്രൂപ്പ്

സായാഹ്നയുടെ ശബ്ദതാരാവലി ഗ്രൂപ്പിൽ വന്ന തിരഞ്ഞെടുത്ത ചില പ്രതികരണങ്ങൾ

**സായാഹ്ന പ്രവർത്തകർ:** അഞ്ചു പുസ്തകങ്ങളിൽ, 330 അദ്ധ്യായങ്ങളിൽ പരന്നുകിടക്കുന്ന “പാവങ്ങൾ” എന്ന മഹത്തായ ഗ്രന്ഥം ഇത്രവേഗം പരിശോധിച്ചു തീരുമെന്നു ഒട്ടും കരുതിയതല്ല. ഈ സംരംഭത്തിൽ പങ്കെടുത്ത് വിജയിപ്പിച്ച ഏവർക്കും ഹാർദ്ദമായ നന്ദി രേഖപ്പെടുത്തട്ടെ.

അടുത്ത തിരുത്തൽ യജ്ഞം രണ്ടുമൂന്നു ദിവസത്തിനുള്ളിൽ നമുക്ക് തുടങ്ങാനാവുമെന്നു കരുതുന്നു. സഞ്ജയന്റെ ഹാസ്യലേഖനങ്ങളാണ് ഉള്ളടക്കം. ആയിരത്തി ഇരുന്നൂറോളം പുറങ്ങളുണ്ട്. ഈ സമാഹാരം കൂടാതെ, 1956 ജൂൺ മുതൽ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പിരിച്ചുവിടപ്പെടുന്നതുവരെയുള്ള ജനയുഗം പത്രത്തിലെ വാർത്തകളും മുഖലേഖനങ്ങളും എഡിറ്റോറിയലും നിവേശനം നടത്തിവെച്ചിരിക്കുന്നു. നമ്മുടെ നാടിന്റെ ഏറ്റവും ശബ്ദായമാനമായ ഒരു കാലത്തിന്റെ ചരിത്രം കൂടിയാണിതു്. അതും തിരുത്തുവാനും ടാഗ് ചെയ്യുവാനും പാഠം തയ്യാറായി വരുന്നു. അതിന് പ്രത്യേകം സോഫ്റ്റ്‌വേറും നിർമ്മിച്ചിട്ടുണ്ട്.

ഏറെ താമസിയാതെ നമുക്കു വീണ്ടും കണ്ടുമുട്ടാം. ഏവർക്കും വീണ്ടും ഒരിക്കൽകൂടി നന്ദി!

**ലിസി മാത്യു:** പ്രിയമുള്ളവരേ,

അഞ്ച് ഭാഗങ്ങളായി 330 അധ്യായങ്ങളുള്ള പാവങ്ങൾ ഏതാനും ദിവസം കൊണ്ട് പ്രൂഫ് തിരുത്താൻ കൂടെനിന്ന എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു .

**സിവിആർ:** ഈ ഗ്രൂപ്പിൽ ഡെസ്ക്‌ടോപ് കമ്പ്യൂട്ടർ ഉള്ളവർക്ക് “പാവങ്ങളു”ടെ പാഠം തിരുത്തുവാൻ താല്പര്യമുണ്ടെങ്കിൽ അറിയിക്കുക. ബ്രൗസറിൽ അധിഷ്ഠിതമായ “ഇതൾ” എന്ന ഒരു ചട്ടക്കൂട് ഉപയോഗിച്ചാണ് പരിശോധകർ തിരിച്ചു തന്ന പിഡിഎഫ് നോക്കി പാഠത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതു്. നോവലായതിനാൽ അദ്ധ്യായത്തിന്റെ ശീർഷകം ഒഴികെ വേറെങ്ങും കോഡിന്റെ സാന്നിദ്ധ്യമില്ല. വെറും റ്റെക്സ്റ്റ് ഫയലാണ്. തിരുത്തിക്കഴിഞ്ഞാൽ തിരുത്തുന്നയാൾക്ക് ഒരു ബട്ടണിന്റെ ക്ലിക്കിലൂടെ ഫോൺ പിഡിഎഫ് പുനർനിർമ്മിച്ചു തിരുത്തലുകൾ വന്നുവോ എന്നു വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്.

വിഡിയോ ട്യൂട്ടോറിയലും ഗൂഗ്ൾ മീറ്റിലൂടെയുള്ള പരിശീലനവും നൽകുന്നതാണ്. താല്പര്യമുള്ളവർ സ്വന്തം ഇ-മെയിൽ ഐഡി <cvr@sayahna.org>-ലേയ്ക്കു് അയയ്ക്കുക.

**അല്ലക്ക അബ്ദുൽ ഗഫൂർ:** Thank you, CVR. മറ്റൊരു കാര്യം—laptop-ൽ ഇതൾ ഉപയോഗിക്കാൻ minimum system requirements എന്തൊക്കെയാണ്?

**സിവിആർ:** പ്രത്യേകിച്ച് ഒന്നും ഇല്ല. ഏതു് ചെറിയ, വിലകുറഞ്ഞ ലാപ്‌ടോപ്പിലും ഇതൾ വളരെ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. ജിമെയിൽ നടക്കുമെങ്കിൽ, ഇതൾ അതിനെക്കാൾ നന്നായി പ്രവർത്തിക്കും. ഗൂഗ്ൾ ക്രോം ബ്രൗസർ ഉണ്ടായിരിക്കുന്നതു് അഭികാമ്യം, പുതിയ പതിപ്പാണെങ്കിൽ കൂടുതൽ നന്ന്. വളരെ പഴയ ബ്രൗസർ ചിലപ്പോൾ പ്രശ്നങ്ങളുണ്ടാക്കും. പിന്നെ മലയാളം നിവേശിക്കാനുള്ള പ്രവർത്തകനിബന്ധിയായ സംവിധാനങ്ങളും (operating system dependent input scheme) ഫോണ്ടും ഉണ്ടായിരിക്കണം. അതായതു് മലയാള ലിപിയിൽ പാഠനിവേശനം നടത്തുവാനും തിരുത്തുവാനും ലാപ്‌ടോപ്പിൽ കഴിയുമെങ്കിൽ ഇതളിന് മറ്റൊന്നും ആവശ്യമില്ല. ഇതൾ വെറുമൊരു ടെക്സ്റ്റ് എഡിറ്ററും, അണിയറയിൽ ടെക് ഉപയോഗിച്ച് എഡിറ്ററിലെ പാഠത്തിൽ നിന്നും പിഡിഎഫ് നിർമ്മിക്കുകയും ചെയ്യുന്ന ഏതാണ്ട് ജിമെയിൽ പോലുള്ള ഒരു ഫ്രേംവർക്ക് മാത്രമാണ്. ഉപയോക്താവിന്റെ ലാപ്‌ടോപ്പിൽ ടെക് സോഫ്റ്റ്‌വേറോ അതിന്റെ ലൈബ്രറികളോ ഒന്നും തന്നെ വേണ്ട എന്നതാണ് ഇവിടത്തെ സവിശേഷത. അതൊക്കെ ഇതളിന്റെ സെർവറിൽ നിന്നും ആവശ്യാനുസരണം ലഭ്യമാക്കിക്കൊള്ളും. ഇനിയും എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ സദയം ചോദിക്കുക.

**സോജി:** ഉത്പന്നം ഉൽപന്നം ഉല്പ്പന്നം—ഇവയിൽ ഏതാണ് ശരി?

**ദീപ:** ഉത്പന്നം. ഉൽപന്നം ഉത്പന്നത്തിന്റെ രൂപഭേദമാണ്.

ഉത് + സവം = ഉത്സവം

തത് + സമയം = തത്സമയം

മത് + സരം = മത്സരം

തൽക്കാലം

താൽക്കാലികം

ആനുകാലികം

അനുപേഷണീയം

**കൃപ പ്രകാശ്:** അനുപേക്ഷണനീയം.

**ദീപ:** അപേക്ഷ × ഉപേക്ഷ

അനുപേക്ഷണീയം ഉപേക്ഷിക്കുവാനാകാത്തതു്. മംഗ്ലീഷിൽ അടിച്ചപ്പോൾ വന്നതെറ്ററിഞ്ഞില്ല

**മോഹനകുമാർ:** ഉല്പന്നം തെറ്റ്. ഉത് എന്ന ഉപസർഗമാണിവിടെ. ഉത് > ഉല് എന്നാകുന്നത് ലകാരം പരമാകുമ്പോൾ മാത്രം:

ഉത് + ലല = ഉല്ലല

ഉത് + ലേഖ = ഉല്ലേഖ

ഉത് + ലാസ = ഉല്ലാസ

ഉത്പന്നം (ഉൽപന്നം ശരിയെങ്കിലും ഉല്പന്നം എന്നുച്ചരിക്കരുത്. അതാണ് ഉത്പന്നം ശരിയെന്നു ഞാൻ എഴുതിയതു്.)

തിരഞ്ഞെടുപ്പ് (തിരയുക = അന്വേഷിക്കുക)

തിരിഞ്ഞെടുപ്പ് (തിരിയുക = നല്ലതും ചീത്തയും വേർപെടുത്തുക)

തെരഞ്ഞെടുപ്പ് തെറ്റ്

**മൻസൂർ ഇലാഹി:** കർമം / കർമ്മം, ഓർമ / ഓർമ്മ ഏതാണ് ശരി?

**ദാമോദരൻ:** കർമം എന്നതിന് ഇരട്ടിച്ച് വേണ്ട. സംസ്കൃത പദമായതിനാൽ ഇരട്ടിപ്പില്ലാതെയാണ് എഴുതുക. എന്നാൽ ഓർമ മലയാള പദമായതിനാൽ ഓർമ്മിക്കുക എന്നാണ് എഴുതുക ഉച്ചാരണവും ഇരട്ടിപ്പിച്ചിട്ടല്ലേ?

ഇതൊക്കെപ്പറഞ്ഞെങ്കിലും തെരഞ്ഞെടുപ്പ്, തിരഞ്ഞെടുപ്പ് എന്ന പ്രയോഗങ്ങളേ ഞാൻ കണ്ടിട്ടുള്ളൂ. ഓരോന്നിന്റേയും അർത്ഥം, പ്രയോഗം വ്യക്തമാക്കാമോ?

**മോഹനകുമാർ:**

1. തിരഞ്ഞു = അന്വേഷിച്ച്—നേടുന്നതു് തിരഞ്ഞെടുപ്പ് (തെരഞ്ഞെടുപ്പ് തെറ്റ്)
2. തിരിഞ്ഞു = ഇനംതിരിച്ച്—എടുക്കുന്നതു് തിരിഞ്ഞെടുപ്പ്

**അല്ലക്ക അബ്ദുൽ ഗഫൂർ:** ഞാൻ കണ്ടിട്ടുള്ള പ്രയോഗങ്ങളിൽ തിരിഞ്ഞെടുപ്പ് ഇല്ല.

അച്ചടിയിലോ, സംഭാഷണത്തിലോ ഇതുവരെ കേട്ടിട്ടില്ല. പ്രാദേശിക ഭേദമായിരിക്കാം. എനിക്ക് പ്രായം 67. സ്ഥലം കൊടുങ്ങല്ലൂർ, തൃശ്ശൂർ.

**മോഹനകുമാർ:** പെട്ടിയിൽക്കിടക്കുന്ന പച്ചക്കറികളിൽ / മീനുകളിൽ നല്ലതുമാത്രം നോക്കി (തിരഞ്ഞല്ല, തിരിഞ്ഞു—sort ചെയ്തു) തിരിഞ്ഞെടുക്കുക.

**അല്ലക്ക അബ്ദുൽ ഗഫൂർ:** Select, Elect, Sort. ഇതു മൂന്നിനും കൃത്യമായ മലയാള പദം പറഞ്ഞു തരൂ, സർ. പലപ്പോഴും confusion ഉണ്ടാകുന്നു.

**കൃപ:** Select—തിരിഞ്ഞെടുക്കുക

Elect—തെരെഞ്ഞെടുക്കുക

Sort—വേർതിരിച്ചെടുക്കുക

**ദാമോദരൻ:** തിരയുക = തിരഞ്ഞെടുക്കുക; തിരിയുക = turn തിരിഞ്ഞെടുക്കുക തെറ്റ്.

**മോഹനകുമാർ:** തിരിയുക: 1. turn (വലത്തോട്ടു തിരിഞ്ഞാൽ വീടു കാണാം) 2. sort (തരംതിരിക്കുക).

ഒരു ചാക്ക് ചെറുനാരങ്ങാ കുടഞ്ഞിട്ട്, ചെറുതും വലുതും ഇടത്തരവും ചീഞ്ഞതും ഉണങ്ങിയതും തരം തിരിച്ച് മാറ്റിവയ്ക്കുക. അല്ലെങ്കിൽ, കൂട്ടത്തിൽ നല്ലതുമാത്രം തിരിഞ്ഞു (Sort) മാറ്റിവയ്ക്കുക.

വേറേ നല്ല നാരങ്ങായിരിപ്പുണ്ടോ എന്ന് അകത്തെ ഗോഡൗണിൽപ്പോയി തിരയണം (അന്വേഷിക്കണം).

**ആവണി:** തെരെഞ്ഞെടുക്കുക?? അങ്ങനെ ഒരു വാക്കു് ഉണ്ടോ?

**മോഹനകുമാർ:** ഇല്ല.

**അല്ലക്ക അബ്ദുൽ ഗഫൂർ:** ആകെ കൺഫ്യൂഷൻ ആയി. മോഹൻ കുമാർ സർ പറഞ്ഞതു് ശരിയാണെന്ന് കരുതുന്നു. എങ്കിലും, തിരിഞ്ഞെടുപ്പ് എന്ന് സാധാരണയായി എഴുത്തിലോ, സംഭാഷണത്തിലോ കേട്ടിട്ടില്ല. Sort എന്ന അർത്ഥത്തിൽ തിരിയുകയാവാം. പക്ഷേ, തിരിയുക എന്നതിന് സാധാരണയായി turn എന്നാണ് ഞാൻ ധരിച്ചിട്ടുള്ളതു്. തിരഞ്ഞെടുക്കുക.

**മൻസൂർ ഇലാഹി:** ന്മലികാനാമം പ്രവൃത്തിപഥം ഒക്കെ ഒറ്റ വാക്കല്ലേ? ഒറ്റവാക്കും ഒറ്റ വാക്കാണോ?

**ദാമോദരൻ:** ന്മലികാനാമം രണ്ടു വാക്കു കൂടി ചേർന്നതാണ് അതിനു സമസ്തപദമെന്നു പറയുന്നു. അതുപോലെ പ്രവൃത്തിപഥവും.

**മൻസൂർ ഇലാഹി:** കുടുംബബന്ധം കുടുംബസംഗമം ഒക്കെ ഒറ്റവാക്കല്ലേ?

**ദാമോദരൻ:** അല്ല.

**സുധീർ:** ഒറ്റവാക്കിൽ ഉത്തരം നൽകാതെ കാരണമടക്കം വിവരിച്ചാൽ കാര്യം കുറേക്കൂടി വ്യക്തമാകും. സാധ്യമാണോ?

**രതീഷ് കുമാർ:** വിഭക്തിക്കുറികൂടാതെ പദയോഗം സമാസം സമാസിച്ചവ?

**അബ്ബാസ്:** ചേർത്തെഴുതിയതു് ശരിയാണ് ഒറ്റവാക്കല്ല, സമസ്തപദം. രണ്ടു വാക്കുകൾ ചേർന്നതു്.

**രതീഷ് കുമാർ:** ചേർന്നതു്. അതെങ്ങനെ രണ്ടുവാക്കാവും?

**ദാമോദരൻ:** കുടുംബം എന്ന പദവും ബന്ധം എന്ന പദവും ചേർന്നു ഒറ്റ പദമായി എഴുതുന്നു.

**സുധീർ:** ഈ യുക്തിയനുസരിച്ച്, കണ്ണുകടി, കുലസ്ത്രീ എന്നിങ്ങനെയുള്ള പദങ്ങളും ഒറ്റവാക്കല്ല എന്നു പറയേണ്ടി വരില്ലേ? ഒറ്റവാക്ക് എന്നതുകൊണ്ട് സമസ്തപദം എന്നല്ലേ അർഥമാക്കുന്നതു്? അതോ അതുക്കും അപ്പുറമോ?

**മൻസൂർ ഇലാഹി:**

തീരുമാനങ്ങളെ കുറിച്ചും

തീരുമാനങ്ങളെക്കുറിച്ചും

അവനെ കുറിച്ച്

അവനെക്കുറിച്ച്

ഏതായിരിക്കും ശരി?

**പ്രത്യുഷ്:** തീരുമാനങ്ങളെക്കുറിച്ചും അവനെക്കുറിച്ച്

**മോഹനകുമാർ:** പ്രതിഗ്രാഹികയ്ക്കു പരമായി (ശേഷം) വരുന്ന ദൃഢവ്യഞ്ജനം ഇരട്ടിക്കും:

എന്നെക്കുറിച്ച്

എന്നെപ്പറ്റി

എന്നെസ്സംബന്ധിച്ച്

എന്നെക്കണ്ടു

എന്നെ നോക്കി

□

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014